കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനാലാം സമ്മേളനം

2000 ജൂൺ 23, വെള്ളി

വാല്യം 111] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

നിയമസഭ 2000 ജൂൺ മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു).

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ ..... ചോദ്യം 121.

1 (*121) വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. എം.എ. തോമസ് :
ശ്രീ. എളമരം കരീം :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ വില്ലേജ് ആഫീസുകളുടെ പ്രവർത്തനം പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തമായി കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വില്ലേജ് ഓഫീസുകളിൽ റിക്കാർഡുകൾ സൂക്ഷിക്കുന്നതിനാവശ്യമായ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) വില്ലേജ് ഓഫീസുകളിൽ ജോലിഭാരം കണക്കിലെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഘട്ടംഘട്ടമായി എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ,

(എ) സംസ്ഥാനത്തെ 63 താലൂക്ക്-ആസ്ഥാന വില്ലേജുകളിലും പുതുതായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക കൂടെ റവന്യൂ പുനഃസംഘടനയുടെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. കൂടാതെ ജോലിഭാരം, ഉത്തരവാദിത്വം എന്നിവ കണക്കിലെടുത്ത് വില്ലേജ് ആഫീസർ തസ്തിക ഹെഡ്ക്ളാർക്ക് തസ്തികയ്ക്ക് തുല്യമായി ഉയർത്തിയിട്ടുണ്ട്. വില്ലേജാഫീസുകൾക്കും താലൂക്കാഫീസുകൾക്കും ഇടയ്ക്കുണ്ടായിരുന്ന ഫർക്ക-റവന്യൂ ഇൻസ്പെക്ടർ ആഫീസ് നിർത്തലാക്കി. സർട്ടിഫിക്കറ്റുകൾ നൽകുന്നതു സംബന്ധിച്ച് കൂടുതൽ അധികാരങ്ങൾ വില്ലേജാഫീസർക്ക് നൽകിയത് ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായിട്ടുണ്ട്.

വില്ലേജാഫീസുകളിലെ അഴിമതി ഇല്ലാതാക്കാൻ തിരുവനന്തപുരവും കോഴിക്കോടും കേന്ദ്രമാക്കി രണ്ട് വിജിലൻസ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ നൽകുന്നതു സംബന്ധിച്ച് ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടിക്രമങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

1. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, പൊസഷൻ സർട്ടിഫിക്കറ്റ്, സോൾവൻസി സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് തുടങ്ങി എല്ലാവിധ സർട്ടിഫിക്കറ്റുകൾക്കുംവേണ്ടി വില്ലേജാഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനം എടുത്ത് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

2. ഏതെങ്കിലും കാരണവശാൽ സർട്ടിഫിക്കറ്റുകൾ നൽകാൻ കഴിഞ്ഞില്ലെങ്കിൽ ആ വിവരം അപേക്ഷകനെ അറിയിക്കുകയും മേലധികാരികൾക്ക് റിപ്പോർട്ട് നൽകുകയും വേണം.

3. മേലധികാരി സ്വമേധയാ രേഖകൾ പരിശോധിച്ച് ആവശ്യമെന്നു കണ്ടാൽ അന്വേഷണം നടത്തി 5 ദിവസത്തിനുള്ളിൽ യുക്തമായ തീരുമാനം എടുത്ത് വിവരം അപേക്ഷകനെ അറിയിക്കേണ്ടതാണ്.

4. വില്ലേജാഫീസുകൾ, താലൂക്ക് ആഫീസുകൾ എന്നിവിടങ്ങളിൽ ലഭിക്കുന്ന എല്ലാ പരാതികൾക്കും അപേക്ഷകർക്ക് രസീത് നൽകേണ്ടതാണ്.

വില്ലേജ് ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മിന്നൽ പരിശോധന ഉൾപ്പെടെ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. പരാതി പുസ്തകം നിർബന്ധമായും സൂക്ഷിച്ചിരിക്കണമെന്നും ജില്ലാ കളക്ടർമാർ പരാതി പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കുട്ടികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന സർട്ടിഫിക്കറ്റിനുള്ള അപേക്ഷകളിൽ പരിശോധന നടത്തി രണ്ടു ദിവസത്തിനുള്ളിൽ സർട്ടിഫിക്കറ്റുകൾ നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)&(സി) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടം ഇല്ലാത്ത എല്ലാ വില്ലേജ് ആഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സ്വന്തമായി റിക്കാർഡ് മുറി ഇല്ലാത്ത വില്ലേജുകളിലെല്ലാം തന്നെ റിക്കാർഡ് മുറി പണിയാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അപ്രകാരം 365 വില്ലേജുകളിലെ റിക്കാർഡ് മുറികളുടെ പണി പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ വില്ലേജുകളുടെ വിസ്തൃതി, ജനസംഖ്യ ഇവകളെ അടിസ്ഥാനപ്പെടുത്തി കൂടുതൽ ജീവനക്കാരുടെ ആവശ്യകത ബോദ്ധ്യപ്പെടുന്ന മുറയ്ക്ക് വില്ലേജ് ഓഫീസുകളിൽ അധികം ജീവനക്കാരെ നിയമിക്കുന്നതാണ്.

(എഫ്) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 1999-2000 വർഷത്തിൽ 50 വില്ലേജാഫീസുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ നടപടികൾ പൂർത്തിയായി വരുന്നു.

<u>ശ്രീ. എളമരം കരീം</u> : സർ, റവന്യൂ കാർഡുകളുടെ വിതരണം അടുത്ത കാലത്തായി വില്ലേജാഫീസുകൾ മുഖേന നടത്തി വരുന്ന ഒരു പ്രധാന പ്രവർത്തനമാണ്. അതിനുള്ള അപേക്ഷകൾ പല വില്ലേജുകളിലും പല വിധത്തിലാണ് കൈകാര്യം ചെയ്യുന്നത്. ചില സ്ഥലങ്ങളിൽ റേഷൻ കാർഡുമായി വരുന്നവർക്ക് കൊടുക്കുന്നു. ചില സ്ഥലത്ത് ജനകീയ കമ്മിറ്റികൾ മുഖേന കൊടുക്കുന്നു. ഇതു പല തരത്തിലുള്ള ആശയക്കുഴപ്പത്തിനും ഇടയാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് തുടർന്നുള്ള പ്രവർത്തനത്തിന് ഒരു ഏകീകരിച്ച, സുതാര്യമായ ഒരു സൗകര്യം, ഒരു സംവിധാനം ഏർപ്പെടുത്താൻ ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : റവന്യൂ കാർഡിനുവേണ്ടിയുള്ള അപേക്ഷാ ഫോറം വിതരണം ചെയ്യുന്നതിന് വില്ലേജാഫീസുകൾ, പഞ്ചായത്താഫീസുകൾ, ജനപ്രതിനിധികളടക്കമുള്ള പൊതുപ്രവർത്തകരടങ്ങുന്ന കമ്മിറ്റികൾ, റേഷൻകടകൾ അത്തരത്തിലുള്ള എല്ലാ സൗകര്യങ്ങളും പ്രയോജനപ്പെടുത്തണമെന്ന ഒരു പൊതുനിർദ്ദേശം ആണ് നൽകിയിരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ വിവിധ രീതിയിലാണ് അതു കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ട് യഥാസമയം അപേക്ഷാഫോറം കിട്ടിയില്ല എന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടു. അതു പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പരാതികൾ പരിഹരിച്ചു കാണുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. എളമരം കരീം</u> : സർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പെൻഷനുൾപ്പെടെയുള്ള ചില കാര്യങ്ങൾ വിതരണം ചെയ്യുന്നതിനു അധികാരം വികേന്ദ്രീകരിച്ചു കൊടുത്തതിന്റെ ഫലമായി വില്ലേജാഫീസുകളുടെ ജോലിഭാരം കുറയുമെന്നു ഗവണ്മെന്റ് പറയുകയുണ്ടായി. ആ നിലയിലുള്ള എന്തെല്ലാം ക്രമീകരണങ്ങളാണ് വരുത്തിയതെന്നു വ്യക്തമാക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സാമൂഹ്യക്ഷേമ വകുപ്പ് സാമ്പത്തിക സഹായം നൽകുന്ന വിധവാ പെൻഷൻ, അംഗവൈകല്യമുള്ളവർക്കു നൽകുന്ന പെൻഷൻ, വാർദ്ധക്യകാല പെൻഷൻ തുടങ്ങിയ പെൻഷൻ സമ്പ്രദായങ്ങളൊക്കെ കഴിഞ്ഞ കാലങ്ങളിൽ താലൂക്ക്-വില്ലേജാഫീസുകളിലൂടെയാണ് നിർവ്വഹിച്ചിരുന്നത്. ജനകീയാസൂത്രണപ്രവർത്തനങ്ങൾ വന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം അതു മുഴുവൻ ജനകീയസഭകൾക്കു നൽകിയതിനെത്തുടർന്ന് ആ രംഗത്തെ ജോലികളിൽ കുറച്ചു ആശ്വാസം കിട്ടിയിട്ടുണ്ട്. എന്നാലും വിവിധ സർട്ടിഫിക്കറ്റുകൾ ആവശ്യമായി വരുമ്പോൾ അതു വീണ്ടും വില്ലേജാഫീസിൽ നിന്നുതന്നെ നൽകേണ്ടതുണ്ട്. താരതമ്യേന കുറച്ചു ജോലി കുറഞ്ഞുവെങ്കിലും ഇപ്പോഴും പഴയജോലിയുടെ ചില അംശങ്ങൾ നിലനിൽക്കുന്നുണ്ട്. അതിനാവശ്യമായ ക്രമീകരണങ്ങൾ ഇപ്പോൾ വരുത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : സർ, വാമനപുരം വില്ലേജാഫീസ് പരിധിയിൽപ്പെട്ട പൂവത്തൂർ ഇലിക്കോട്ടുകോണം കോളനിയിൽ കഴിഞ്ഞ അര നൂറ്റാണ്ടായി താമസിക്കുന്ന എട്ടു പട്ടികജാതി കുടുംബങ്ങൾക്ക് ഇതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്നകാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരു മാസത്തിനകം പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാനാവശ്യമായ നടപടികൾ ബന്ധപ്പെട്ടവരെക്കൊണ്ട് കൈക്കൊള്ളിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : ബഹുമാനപ്പെട്ട എം.എൽ.എ. എനിക്ക് ഈ പരാതി തന്നിരുന്നു. ആ പരാതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്തുകൊണ്ടാണ് ഇതുവരെ പട്ടയം നൽകാൻ കഴിയാതെ വന്നതെന്നു പരിശോധിക്കണമെന്നും അടിയന്തിരമായി അവർക്ക് പട്ടയം നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. പിരപ്പൻകോട് മുരളി</u> : സർ, റവന്യൂഭൂമി മറ്റു ഡിപ്പാർട്ടുമെന്റുകൾ അനധികൃതമായി കൈവശപ്പെടുത്തിയിട്ടുള്ള വിവരം വില്ലേജ് അധികൃതർ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അതു തിരിച്ചു പിടിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ; പൊൻമുടി ടൂറിസ്റ്റു കേന്ദ്രത്തിലെ 25 ഏക്കറോളം റവന്യൂഭൂമി വനംവകുപ്പിന്റെ കൈവശം പോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തിരിച്ചു പിടിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : അനധികൃതമായി സർക്കാർ ഭൂമി കയ്യേറിയത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോഴൊക്കെ യാതൊരു ദാക്ഷിണ്യവുമില്ലാതെ അതു തിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പിന്റെ ഭൂമി വനംവകുപ്പിന്റെ കയ്യിലാണെങ്കിൽ സാധാരണഗതിയിൽ അതു ഗവണ്മെന്റിനാണ്. അതുകൊണ്ട് അങ്ങനെയുള്ളത് തിരിച്ചെടുക്കുന്നതിനുവേണ്ടി കാർക്കശ്യ സ്വഭാവത്തിലുള്ള നടപടി ഞങ്ങൾ സ്വീകരിക്കാറില്ല.

<u>ശ്രീ. ടി.കെ. നൗഷാദ്</u> : സർ, ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമായ, പ്രത്യേകിച്ച് പാവങ്ങൾക്ക് ഉപകാരപ്രദമായ ഒരു കാർഡാണ് റവന്യൂ കാർഡ്. അതു സംബന്ധിച്ച് പല ആശങ്കകളും ജനങ്ങൾക്കിടയിലുണ്ട്. ഇതു സംബന്ധിച്ച് പൂർണ്ണമായി അറിയാത്തതുകൊണ്ടാണ്. അതുകൊണ്ട് റവന്യൂകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ എങ്ങനെ പൂരിപ്പിക്കാം, എന്തൊക്കെയാണ് സമർപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ച് അപേക്ഷകർക്ക് ബോധ്യപ്പെടുത്തിക്കൊടുക്കാൻ വില്ലേജാഫീസുകളിൽ ആരെയെങ്കിലും പ്രത്യേകം ചുമതലപ്പെടുത്തി ഒരു പ്രത്യേക സംവിധാനമുണ്ടാക്കുമോ?

<u>മി. സ്പീക്കർ</u> : റവന്യൂ കാർഡിന്റെ ചോദ്യം ഇന്ന് ആവശ്യംപോലെ ഉണ്ട്.

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : റവന്യൂ കാർഡ് വില്ലേജാഫീസുകളിലൂടെ നിർവ്വഹിക്കപ്പെടുന്ന ഒരു ജോലി ആയതുകൊണ്ട് ഇതിന്റെ ഭാഗമായിട്ട് വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യങ്ങളാണ്. റവന്യൂ കാർഡ് നൽകുന്നതിന് ഏകദേശം 62 ലക്ഷത്തോളം കുടുംബങ്ങളുണ്ടാകുമെന്നാണ് ഞങ്ങൾ കണക്കാക്കിയിരുന്നത്. എന്നാൽ കുടുംബങ്ങളുടെ കാര്യത്തിൽ കൂടുതൽ നമ്പർ സൃഷ്ടിക്കപ്പെട്ട ഒരു അവസ്ഥ കാണുന്നുണ്ട്. അങ്ങനെ വരുമ്പോൾ, 72-75 ലക്ഷത്തോളം കുടുംബങ്ങളുണ്ടാകും. ഇതു മുഴുവൻ പൂരിപ്പിക്കുന്നതിനുവേണ്ടി വില്ലേജാഫീസുകളിൽ ഒരു സംവിധാനമേർപ്പെടുത്തുക എന്നത് പ്രായോഗികമല്ല. കേരളത്തിൽ വിവിധ രീതിയിൽ ജീവിക്കുന്ന ജനങ്ങളുടെയും പ്രശ്നങ്ങൾ ഉൾക്കൊള്ളാൻ തക്ക തരത്തിലുള്ള അപേക്ഷാഫോറമാണ് ഞങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ആ അപേക്ഷ ഫാറത്തിൽ പറയുന്ന എല്ലാ കോളവും പൂരിപ്പിച്ചുകൊള്ളണമെന്ന യാതൊരു നിർബന്ധവുമില്ല. അവനവനാവശ്യമുള്ള കോളം മാത്രമേ പൂരിപ്പിക്കേണ്ടതുള്ളൂ. അതിലൊന്നും ആശങ്കയില്ല. ആശങ്കയുണ്ടാക്കാൻ ചിലർ ശ്രമിച്ചിരുന്നു. ആ ആശങ്കകളൊക്കെ അസ്ഥാനത്താണെന്ന് ജനങ്ങൾക്ക് ബോധ്യമായി. ഇപ്പോൾ പകുതിയിലേറെ അപേക്ഷകൾ ഓരോ ജില്ലയിലും കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അപേക്ഷ നൽകാൻ ജൂലായ് 31 വരെ സമയവും നൽകിയിട്ടുണ്ട്.

ശ്രീ. ടി.കെ. നൗഷാദ് : സർ, വരുമാന സർട്ടിഫിക്കറ്റുകൾ മുതലായ ജനങ്ങൾക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റുകൾ പല കാരണങ്ങൾക്കൊണ്ടും ഇപ്പോഴും വില്ലേജാഫീസുകളിൽ വച്ചു താമസിപ്പിക്കുന്ന ഒരു പ്രവണതയുണ്ട്. സർട്ടിഫിക്കറ്റിന് അപേക്ഷിച്ചു കഴിഞ്ഞാൽ അത് നിശ്ചിത സമയത്തിനകം കൊടുക്കണമെന്ന് വില്ലേജാഫീസർമാരെയോ വില്ലേജിലെ ജീവനക്കാരെയോ നിർദ്ദേശിക്കുമോ; അതിനുള്ള വ്യവസ്ഥയുണ്ടാക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : അതിനുള്ള കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരത്തിൽ തന്നെ അതു പറഞ്ഞിരുന്നു. സർട്ടിഫിക്കറ്റുകൾക്കു വേണ്ടി വരുന്നവരെ ഒരു കാരണവശാലും ബുദ്ധിമുട്ടിക്കാൻ പാടില്ല, കാലതാമസമുണ്ടാകാൻ പാടില്ല. സർട്ടിഫിക്കറ്റുകൾ കൊടുക്കാൻ കഴിയാത്ത പ്രശ്നമുണ്ടെങ്കിൽ ഉടനെ തന്നെ ബന്ധപ്പെട്ട കക്ഷിയെയും ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെയും അറിയിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്. എന്നാലും ഇത്തരം അപൂർവ്വം കാലതാമസമുണ്ടാകുന്നുവെന്ന ആക്ഷേപങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടാറുണ്ട്. അത്തരം സംഭവങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ തക്കസമയത്തു തന്നെ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്ത് അന്വേഷിച്ച് ആവശ്യമായ നടപടി എടുക്കണമെന്ന് നിർദ്ദേശവും കൊടുക്കാറുണ്ട്. ഇപ്പോൾ സ്കൂൾ തുറക്കുന്ന സമയത്ത് രണ്ടു ദിവസത്തിനകം കൊടുക്കണമെന്നും സാധാരണഗതിയിൽ ഒരാഴ്ചയ്ക്കകം പോകാൻ പാടില്ലെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, സംസ്ഥാനത്ത് ചില ഭാഗങ്ങളിലെങ്കിലും ഇപ്പോൾ ഗ്രൂപ്പ് വില്ലേജ് ഓഫീസ് സമ്പ്രദായമുള്ളതായിട്ടാണ് അറിയുന്നത്. വില്ലേജ് ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ ഗ്രൂപ്പ് സമ്പ്രദായം അവസാനിപ്പിച്ച് ഓരോ വില്ലേജിനും പ്രത്യേകമായി വില്ലേജ് ഓഫീസുകൾ ഏർപ്പെടുത്തുന്നകാര്യം പരിഗണിക്കുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : സർ, ഈ ഗ്രൂപ്പ് സമ്പ്രദായം അവസാനിപ്പിക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. പക്ഷേ അങ്ങനെ പെട്ടെന്ന് കഴിയുമെന്ന് എനിക്ക് തോന്നുന്നില്ല. റവന്യൂ വകുപ്പിലെ ഗ്രൂപ്പ് അവസാനിപ്പിക്കണമെന്ന് തീരുമാനിച്ചു. ഏറ്റവും കൂടുതൽ ഗ്രൂപ്പ് വില്ലേജ് ഓഫീസുകളുള്ളത് തൃശ്ശൂർ ജില്ലയിലാണ്. അവിടെ 112-ഓളം വില്ലേജ് ഓഫീസുകളുണ്ട്. അതിൽ ഓരോ കോൺസ്റ്റിറ്റ്യുവൻസിയായി എടുത്ത് പൂർണ്ണമായി തീർക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ശ്രമിക്കുന്നുണ്ട്. ശ്രീ. ലോനപ്പൻ നമ്പാടന്റെ മണ്ഡലത്തിൽ 9 ഗ്രൂപ്പ് വില്ലേജുകൾക്ക് കെട്ടിടം പണിയുകയും മുഴുവൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. തൃശ്ശൂർ ജില്ലയിലും അതുപോലെ നടക്കുന്നുണ്ട്. എല്ലാ ഗ്രൂപ്പ് വില്ലേജുകളിലും സ്വതന്ത്രമായി വില്ലേജ് ഓഫീസുകൾ നിർമ്മിച്ച് അതിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ച് നടപടികൾ പുരോഗമിച്ചുവരികയാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ പോൾ</u> : സർ, ഏതാനും വില്ലേജ് ഓഫീസുകളിൽ കംപ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉത്തരത്തിൽ പറഞ്ഞു. അതോടൊപ്പം തന്നെ വില്ലേജ് ഓഫീസുകളിൽ ഈ വിവരങ്ങൾ അപ്പോഴപ്പോൾ അറിയിക്കുന്നതിനുവേണ്ടി ജില്ലാ അടിസ്ഥാനത്തിലെങ്കിലും വിവിധ വില്ലേജ് ഓഫീസുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു കമ്പ്യൂട്ടർ നെറ്റ് വർക്ക് ശൃംഖലയുണ്ടാക്കുന്നതിനെക്കുറിച്ചുകൂടി ഗവണ്മെന്റ് ആലോചിക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, അങ്ങനെ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ഈ വർഷം 50 വില്ലേജ് ഓഫീസുകളിലേ കമ്പ്യൂട്ടർ സ്ഥാപിക്കുന്നുള്ളൂ. അത് കേന്ദ്രത്തിന്റെ ഫണ്ടുകൊണ്ടാണ് നമ്മൾ ചെയ്യുന്നത്. എന്നാൽ എല്ലാ താലൂക്കുകളിലും കമ്പ്യൂട്ടർ സ്ഥാപിക്കൽ പൂർത്തിയായി, ജില്ലകളിലും പൂർത്തിയായി. ജില്ലകളെയും താലൂക്കുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന 'ഇ' മെയിൽ സിസ്റ്റം ഇപ്പോൾ പല ജില്ലകളിലും ആരംഭിച്ചുകഴിഞ്ഞു. അതുപോലെതന്നെ സെക്രട്ടേറിയറ്റും കമ്മിഷണറേറ്റും സെക്രട്ടറിയുടെ ഓഫീസുമെല്ലാം പരസ്പരം ബന്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കഴിയുന്നതും വേഗം സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> ; സർ, ഗ്രൂപ്പ് വില്ലേജ് ഓഫീസുകളെ ബൈഫർക്കേറ്റ് ചെയ്യും എന്നതാണ് സർക്കാരിന്റെ നടപടിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. തൃശ്ശൂർ ജില്ലയിൽ ഈ ഗ്രൂപ്പ് ബൈഫർക്കേറ്റ് ചെയ്ത് ഓഫീസുകൾ പണിത സ്ഥലങ്ങളിൽ ഉദ്യോഗസ്ഥൻമാരില്ലാത്തതുകൊണ്ട് പ്രവർത്തനരഹിതമായി കിടക്കുകയാണെന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബൈഫർക്കേറ്റ് ചെയ്ത് സ്വന്തമായി കെട്ടിടം പണിത ഓഫീസുകളിലെങ്കിലും സമയബന്ധിതമായി ഉദ്യോഗസ്ഥന്മാരെവച്ച് പ്രവർത്തനം ക്രമീകരിക്കാൻ സന്നദ്ധമാകുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണന്റെ മണ്ഡലത്തിൽത്തന്നെ ഗ്രൂപ്പ് വില്ലേജ് ഓഫീസിന്റെ ഉദ്ഘാടനദിവസം അദ്ദേഹം ഈ പ്രശ്നം ഉന്നയിച്ചിരുന്നു. പുതിയ ഓഫീസ് വരുമ്പോൾ അതിനാവശ്യമായ ക്രമീകരണത്തിൽ കുറച്ച് ബുദ്ധിമുട്ടുകളുണ്ടാകുമെന്നതേയുള്ളൂ. എല്ലാ ഓഫീസുകളിലും ഉടനെത്തന്നെ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുകയും ചെയ്യും.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, റവന്യൂ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കാലോചിതമായി പുതിയ മാനദണ്ഡങ്ങളുണ്ടാക്കി റവന്യൂ പുനഃസംഘടന നടത്തുമെന്ന് സർക്കാർ അംഗീകരിച്ചിരിക്കുകയാണ്. താലൂക്ക് പുനഃസംഘടനയടക്കമുള്ള റവന്യൂ പുനഃസംഘടന നടത്തുന്നതിന്, സെൻസസ് പ്രവർത്തനം അവസാനിപ്പിച്ചാൽ നടത്തുന്നതിന് ഇപ്പോൾ അണിയറയിൽ റവന്യൂവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങളെന്താണെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : സർ, വളരെ അർത്ഥ വ്യാപ്തിയുള്ള ഒരു ചോദ്യമാണത്. റവന്യൂ സംവിധാനത്തിൽ ഈ ഗവണ്മെന്റ് വന്നതിനുശേഷം

LIBRARY ARCHIVES Kerala Legislative Assembly

ഈ നാലുവർഷക്കാലത്തിനുള്ളിൽ അതിന്റെ പുനഃസംവിധാനത്തിന്റെ ഭാഗമായിട്ടാണ് റവന്യൂ ബോർഡ് പിരിച്ചുവിട്ടത്. റവന്യൂ പുനഃസംവിധാനമുള്ള നിലയിൽ ആവശ്യമില്ലാത്ത കുറെ ഓഫീസുകൾ നിർത്തൽ ചെയ്തു; ജോലിഭാരം കൂടുതലുള്ള സ്ഥലങ്ങളിൽ കൂടുതൽ ജീവനക്കാരെ നൽകി. ഏറെക്കാലമായി നടക്കാതെ പോയിരുന്ന റവന്യൂ സംവിധാനത്തിലെ പ്രൊമോഷൻ അവസരോചിതമായി നൽകി. 5000-ലേറെ പേർക്ക് ഓരേ സമയത്ത് പ്രൊമോഷൻ കിട്ടിയത് കേരളത്തിന്റെ ചരിത്രത്തിൽത്തന്നെ ഇത് ആദ്യമാണ്. മുഴുവൻ ആളുകൾക്കും പ്രൊമോഷൻ നൽകി. ആ നടപടികൾ മുഴുവൻ പൂർത്തിയായി ..... ബഹളം ..... ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് അത് പരിശോധിച്ചുനോക്കിയാൽ മതി. ഇത്രയും പേർക്ക് ഒരുമിച്ച് പ്രൊമോഷൻ കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടില്ല. ഇനി ചെയ്യാനുള്ളത് ജനസംഖ്യയുടേയും ഭൂമിശാസ്ത്രപരമായ ഘടനയുടേയുമൊക്കെ അടിസ്ഥാനത്തിലുള്ള റവന്യൂ പുനഃസംവിധാനമെന്നുള്ള നിലയിൽ താലൂക്ക്-വില്ലേജ് പുന:സംവിധാനമാണ്. അതിനെ സംബന്ധിച്ച് ചില പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒരു പരിശോധനയിലാണ് ഞങ്ങൾ. പുതിയ പഞ്ചായത്ത് മുനിസിപ്പൽ നിയമം വരികയും ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരികയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശക്തിയായി ഉയർന്നുവരുന്ന ആവശ്യം ഈ ജനകീയ സഭകൾ ലോക്കൽ ഗവണ്മെന്റുകളായി വന്നിട്ടുള്ളതുമുഴുവൻ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ നിലവാരങ്ങളിലാണ്. അതുകൊണ്ട് ഭരണസൗകര്യത്തിന് ഈ താലൂക്കിന്റെ ഘടനയും സ്വഭാവവും മാറ്റി താലൂക്ക് ഓഫീസ് ബ്ലോക്ക് തലത്തിൽ വേണമെന്നാണ്. ആ ഒരു നിർദ്ദേശം ഫൈനാൻസ് കമ്മിഷന്റെതന്നെ വന്നിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾ എത്രത്തോളം സാമ്പത്തിക ബാധ്യതവരും, എന്തെല്ലാം പ്രശ്നങ്ങളുണ്ടാകുമെന്ന അടിസ്ഥാനത്തിൽ കൂടി ഒരു പരിശോധന വേണ്ടിവന്നതുകൊണ്ടാണ് വളരെ പെട്ടെന്ന് ആ പ്രശ്നത്തിൽ ഒരു തീരുമാനമെടുക്കാൻ കഴിയാതെ വന്നത്. അത്തരമൊരു പൊതു സമവായം ഉണ്ടാക്കിക്കഴിഞ്ഞാൽ തീർച്ചയായും അതിനനുസൃതമായി ഒരു തീരുമാനം ഞങ്ങൾക്ക് എടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ഷെഡ്യൂൾഡ് കാസ്റ്റ്, ഷെഡ്യൂൾഡ് ട്രൈബ്, അതുപോലെ ബാക്ക്വേഡ് കമ്മ്യൂണിറ്റി തുടങ്ങിയ ആളുകളുടെ ജാതി സർട്ടിഫിക്കറ്റ്, ക്രീമിലെയർകൂടി വന്നതോടുകൂടി വളരെ വലിയ പ്രശ്നമായിരിക്കുകയാണ്. തഹസീൽദാർമാരാണെങ്കിൽ നോട്ടറിയുടെ വരെ സർട്ടിഫിക്കറ്റ് വാങ്ങിയാലേ നൽകൂ എന്ന് എന്റെ നിലമ്പൂർ താലൂക്കിൽവരെ തഹസീൽദാർ ഞാൻ വിളിച്ചു ചോദിച്ചിട്ട് പറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് പാവപ്പെട്ട ആളുകൾ വളരെ വിഷമിക്കുകയാണ്. മന്ത്രി അതിനുള്ള പരിഹാരമായി ചില കാര്യങ്ങൾ ഇവിടെ നിർദ്ദേശിച്ചു. ഇപ്പോൾ അങ്ങ് വളരെ ബുദ്ധിമുട്ടി, കഷ്ടപ്പെട്ട് റവന്യൂ കാർഡ് കൊണ്ടുവന്നിരിക്കുന്നു. ഗവണ്മെന്റ് നൽകുന്ന ഒരു രേഖയാണ് റവന്യൂ കാർഡ്. കാസ്റ്റ്, വരുമാനം എന്നിവ തെളിയിക്കുന്നതിന് ആ റവന്യൂ കാർഡ് ഹാജരാക്കിയാൽ പോരേ, വേറൊരു സർട്ടിഫിക്കറ്റ് വാങ്ങുന്നതിന്റെ ആവശ്യമെന്താണ്? അതല്ലായെങ്കിൽ ഈ റവന്യൂ കാർഡ് യൂസ്ലെസ് ആകില്ലേ?

<u>ശ്രീ. കെ.ഇ. ഇസ്മയിൽ</u> : റവന്യൂ കാർഡ് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ വരുമാനത്തിനും ജാതി തെളിയിക്കുന്നതിനും റവന്യൂ കാർഡ് മതിയാകും. അത് ആ ബില്ലിൽതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് നിയമമാണ്. പക്ഷേ കാർഡ് നടപ്പിൽ വരുന്നതേയുള്ളൂ. ഇപ്പോൾ അപേക്ഷാ ഫോറങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കി വില്ലേജ് ഓഫീസുകളിൽ എത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തി ഒരു ആധികാരിക രേഖയായി കൊടുത്തതിനുശേഷം നമ്മളൊരു നിശ്ചിതദിവസം നോട്ടിഫൈ ചെയ്യണം. ഇന്ന ദിവസം മുതൽ ഈ റവന്യൂ കാർഡ് നിലവിൽ വന്നുകഴിഞ്ഞുവെന്ന് നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ പിന്നീട് ഈ റവന്യൂ കാർഡിലുൾപ്പെടുത്തിയ വിഷയങ്ങൾ അതിന്റെ ഫോട്ടോകോപ്പി ഏതെങ്കിലുമൊരു ഗസറ്റഡ് ഓഫീസർ അറ്റസ്റ്റുചെയ്താൽ അത് അംഗീകരിക്കണമെന്ന നിയമ വ്യവസ്ഥയാണ്, അതിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. എ. കണാരൻ</u> : സർ, വില്ലേജ് ഓഫീസുകളിൽ 15,000-വും അതിലധികവും ജനസംഖ്യയുണ്ട്. അതിൽ ഏറ്റക്കുറച്ചിലുകൾ വന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ 29-ഉം 30-ഉം പഞ്ചായത്തുകളടങ്ങിയ താലൂക്കുകളുണ്ട്. അതിൽ വല്ലാത്ത അന്തരമുണ്ടായിക്കൊണ്ടിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ കോഴിക്കോട്, കൊയിലാണ്ടി, വടകര എന്നീ മൂന്ന് താലൂക്കുകളിൽ 29-ഉം 30-ഉം വില്ലേജുകളുണ്ട്. എന്നാൽ കൂട്ടനാട് വളരെ കുറവാണ്. ഈ അന്തരം എപ്പോഴാണ് അവസാനിപ്പിക്കുക എന്നുപറയാൻ കഴിയുമോ?

<u>ശ്രീ. കെ. ഇ. ഇസ്മയിൽ</u> : സർ, ബഹുമാനപ്പെട്ട ജി. സുധാകരൻ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞത് അതുകൊണ്ടാണ്. താലൂക്ക് പുനഃസംവിധാനം ചെയ്യുന്നത് ബ്ലോക്ക് അടിസ്ഥാനത്തിലാകണമെന്ന ഒരു നിർദ്ദേശം ഞങ്ങളുടെ മുൻപിലുണ്ട്, അത് പരിഗണിക്കുകയാണ്. അങ്ങനെ വരുമ്പോൾ ഗ്രാമപഞ്ചായത്ത് എന്നനിലയിൽ വില്ലേജുകളുടെ സ്വഭാവം പഞ്ചായത്ത് അടിസ്ഥാനത്തിലാകണമെന്നുവന്നാൽ അത് പ്രായോഗികമായി എങ്ങനെ പ്രതിഫലമുണ്ടാക്കുമെന്നതും പരിശോധിക്കേണ്ടതുണ്ട്. 1452 വില്ലേജുകൾ ഇപ്പോൾ നിലവിലുണ്ട്. എന്നാൽ പഞ്ചായത്ത് അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസ് എന്നുവന്നാൽ 990 വില്ലേജുകളിൽ നമുക്ക് ഒതുങ്ങേണ്ടി വരും. അപ്പോൾ താലൂക്കുകളുടെ എണ്ണം നിലവിലുള്ളതിനേക്കാൾ വർദ്ധിക്കുകയും വില്ലേജുകളുടെ എണ്ണം കുറയുകയും ചെയ്യുന്ന ഒരു അവസ്ഥ വരും. അതുകൊണ്ടാണ് ഇതെല്ലാം പരിശോധനയ്ക്കു വിധേയമാക്കിക്കൊണ്ടേ ഒരു തീരുമാനത്തിലെത്താൻ കഴിയൂ എന്നുപറയുന്നത്.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, വളരെ നല്ല ഉദ്ദേശമാണ് റവന്യൂ കാർഡിനു പിന്നിലുള്ളത്. പക്ഷേ ഇപ്പോൾ വെളുക്കാൻ തേച്ചത് പാണ്ടായതുപോലെയാണ്. ഇത് കോട്ടയം ജില്ലയിൽ കൊടുത്ത രണ്ടു ഫോറമാണ്. (ബഹുമാനപ്പെട്ട അംഗം ഫോറം സഭയിൽ ഉയർത്തിക്കാണിച്ചു). ഒരു ഫോറം അടിച്ചത് Kerala State Audio Visual, Kottayam അത് ഒരു രീതിയിൽ. വേറൊരു ഫോറം അടിച്ചത് West Fort Offset Printers, Trichur അത് വേറൊരു രീതിയിൽ. പിന്നെ ഇതിൽ ആവശ്യമായതുമാത്രം പൂരിപ്പിച്ചാൽ മതിയെന്ന് അങ്ങു പറഞ്ഞു. പൂരിപ്പിച്ചുകൊണ്ടുപോയിക്കഴിഞ്ഞാൽ സപ്പോർട്ടിംഗ് ഡോക്യുമെന്റ്സ് വേണം. അല്ലാതെ സഹകരിക്കുന്നില്ല. റേഷൻ കാർഡ് വേണം, വോട്ടർ പട്ടികയുടെ കോപ്പി വേണം, ഇങ്ങനെ ആളുകളെ മനഃപൂർവ്വം ബുദ്ധിമുട്ടിക്കുകയാണ്. നേരത്തേ വരുമാനത്തിനുവേണ്ടി ഒരു പ്രാവശ്യം എഴുതിക്കൊണ്ടുചെന്നാൽ മതി. ഇപ്പോൾ ഈ ഫോറം പൂരിപ്പിച്ചുകൊണ്ട് നാലും അഞ്ചും തവണ പോകേണ്ട ഗതികേടിലാണ് ജനങ്ങൾ എത്തിയിരിക്കുന്നത്. അതുകൊണ്ട് നല്ല ഉദ്ദേശമാണെങ്കിലും ഇതുസംബന്ധിച്ച പരാതികൾ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്യുന്നതുവരെയെങ്കിലും ദയവായി ഇത് നിർത്തിവയ്ക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.ഇ. ഇസ്മയിൽ : ഈ പ്രശ്നങ്ങളിൽ ഇതരത്തിലുള്ള ചില ആശയക്കുഴപ്പങ്ങളും അവ്യക്തതകളുമുണ്ടായിട്ടുണ്ട്. ഉണ്ടാക്കാൻ ചിലർ ശ്രമിച്ചിട്ടുണ്ട്. അതുകൊണ്ട് ജില്ലാ കളക്ടർമാരുടെയും തഹസിൽദാർമാരുടെയും യോഗം വിളിച്ചു കൂട്ടി കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഓരോ അപേക്ഷകനും അവരുടെ കുടുംബത്തെ സംബന്ധിച്ച് തരുന്ന വിവരങ്ങൾ വിശ്വാസത്തിലെടുത്ത്, ആ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ വേണം കാർഡ് തയ്യാറാക്കേണ്ടത്. അതിൽ പ്രകടമായിട്ടുള്ള എന്തെങ്കിലും സംശയം വരുന്ന ഘട്ടത്തിൽ മാത്രമേ അന്വേഷണത്തിന് വിധേയമാക്കേണ്ടതുള്ളൂ അതു സ്വീകരിക്കണമെന്ന് കർശനമായി നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഇതു വിശ്വാസത്തിലെടുത്തുകൊണ്ട് അവർ ഒറ്റിട്ട് എഴുതി കൊടുക്കുന്ന സ്റ്റേറ്റുമെന്റ് അവർ നൽകുന്ന പ്രമാണമെന്ന രീതിയിൽ സ്വീകരിക്കണം. അതിന്റെയടിസ്ഥാനത്തിൽ വേണം ഇതിന്റെ നടപടികളുമായി മുന്നോട്ടു പോകേണ്ടതെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുകൊണ്ട് അത്തരമൊരു കുഴപ്പത്തിനിടയില്ല

ശ്രീ. എൻ.ആർ. ബാലൻ : ഗ്രൂപ്പ് വില്ലേജുകൾ ഘട്ടം ഘട്ടമായി ഒറ്റ വില്ലേജുകളാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊണ്ടുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി ഗ്രൂപ്പ് വില്ലേജുകൾ ഒറ്റ വില്ലേജുകളാക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കേണ്ടതുണ്ട്. കുന്നംകുളം നിയോജകമണ്ഡലത്തിൽ 28 വില്ലേജുകൾ 13 ഗ്രൂപ്പ് വില്ലേജുകളായിട്ടാണ് പ്രവർത്തിക്കുന്നത്. അവിടെ ഒരു ഗ്രൂപ്പ് വില്ലേജിൽ മൂന്നു വില്ലേജുകളുണ്ട്. വടക്കാഞ്ചേരി മണ്ഡലത്തിൽപ്പെട്ട ഇയാൽ വില്ലേജിലടക്കം ആറു കിലോമീറ്റർ ദൂരം നടന്നുവേണം അവിടെയുള്ള ആളുകൾക്ക് വരാൻ. ഗ്രൂപ്പ് വില്ലേജുകളെ ഒറ്റ വില്ലേജുകളാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമ്പോൾ പ്രയോഗിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ എന്തെങ്കിലും സമീപനമുണ്ടോ? രണ്ടു ഘട്ടങ്ങളിലായി ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യങ്ങൾ എഴുതിത്തന്നതാണ്. ഒരു ഗ്രൂപ്പ് വില്ലേജ് ഓഫീസ് പോലും ഒറ്റ വില്ലേജാക്കുന്നതിനുവേണ്ടി ഇതുവരെ കുന്നംകുളം മണ്ഡലത്തിൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഈ സാമ്പത്തിക വർഷമെങ്കിലും അതിനുവേണ്ടി പരിശ്രമിക്കുമോ? അതിനു പരിഗണന നൽകുമോ?

ശ്രീ. കെ.ഇ. ഇസ്മയിൽ : ബഹുമാനപ്പെട്ട മെമ്പർ എന്റെ ശ്രദ്ധയിൽ അതു പെടുത്തിയിട്ടുണ്ട്. ഓരോ സ്ഥലത്തും കിട്ടുന്ന ഫണ്ട് അനുസരിച്ച് കുറെ വില്ലേജുകൾ തെരഞ്ഞെടുക്കുകയായിരുന്നു. ഇതരമൊരു പ്രതിഭാസം നിലനിൽക്കുന്നുവെന്നുള്ളതു തന്നെ അടുത്ത കാലത്താണ് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. മുൻഗണനാ ക്രമത്തിൽത്തന്നെ തൃശ്ശൂർ ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകൾ മുഴുവൻ ഒറ്റ വില്ലേജുകളായി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തിരിച്ചായാലും ഫണ്ട് കിട്ടുന്നതിനനുസരിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലെ പ്രശ്നത്തിനു പരിഹാരമുണ്ടാക്കുന്നതാണ്.

മി. സ്പീക്കർ : ചോദ്യം 122.

2 (*122) വൈദ്യുതിവില വർദ്ധിപ്പിച്ചതുമൂലം അടച്ചിടേണ്ടി വന്ന വ്യവസായ സ്ഥാപനങ്ങൾ

ശ്രീ. വി. ബാലറാം :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

LIBRARY ARCHIVES Kerala Legislative Assembly